# കേരള സർവകലാശാല

നം. പി.ആർ.054/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### മൂല്യനിർണ്ണയം: അദ്ധ്യാപകർ ഹാജരാകണം

കേരള സർവകലാശാല നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് - ബി.എ/ബി.എസ്‌സി/ബി.കോം കരിയർ റിലേറ്റഡ് കോഴ്സുകളുടെ ഉത്തര കടലാസിന്റെ മൂല്യനിർണ്ണയം താഴെ പറയുന്ന തിയതികളിൽ നടത്തുന്നതാണ്. മാർച്ച് 14 - ബി.എ (ചീഫ് വാല്യുവേഷൻ), മാർച്ച് 16 - ബി.എ (അഡീഷനൽ വാല്യുവേഷൻ), മാർച്ച് 17 ബി.എസ്‌സി/ബി.കോം/ കരിയർ റിലേറ്റഡ് (ചീഫ് വാല്യുവേഷൻ), മാർച്ച് 20 ബി.എസ്‌സി/ബി.കോം/ കരിയർ റിലേറ്റഡ് (അഡീഷനൽ വാല്യുവേഷൻ). മൂല്യനിർണ്ണയത്തിന് നിയോഗിക്കപ്പെട്ടിരിക്കുന്ന അദ്ധ്യാപകർ അതാത് ക്യാമ്പുകളിൽ ഹാജരാകേതാണ്.

### ബി.എസ്‌സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ് പ്രാക്ടിക്കൽ

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ഒന്നാം സെമസ്റ്റർ ബി.എസ്‌സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 14 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ നടക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എൽ.എൽ.എം. പരീക്ഷ

കേരള സർവകലാശാല മാർച്ച് 27-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 17 (50 രൂപ പിഴയോടെ മാർച്ച് 20, 250 രൂപ പിഴയോടെ മാർച്ച് 21) വരെ ഫീസടച്ച് അപേക്ഷിക്കാം.

### എം.ഫിൽ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല 2016-17 വർഷത്തെ എം.ഫിൽ വിദ്യാർത്ഥികൾക്കുള്ള യൂണിവേഴ്സിറ്റി സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. സർവകലാശാലയുടെ വിവിധ ഡിപ്പാർട്ട്മെന്റുകളിലും അഫിലിയേറ്റഡ് കോളേജുകളിലും 2016-17 വർഷം എം.ഫിൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. വാർഷികവരുമാനം 42000/- രൂപയിൽ കവിയാൻ പാടില്ല. കോളേജ്/ഡിപ്പാർട്ട്മെന്റ് മേധാവി വഴി നിശ്ചിത ഫോമിലുള്ള അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 31. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ബി.എ പരീക്ഷ

കേരള സർവകലാശാല നടത്തുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ 2014 സ്കീം (ഫുൾ ടൈം/ഈവനിംഗ്/യു.ഐ.എം/ടി & ടി) റെഗുലർ & സപ്ലിമെന്ററി പരീക്ഷകൾ മാർച്ച് 22-നും ഒന്നാം സെമസ്റ്റർ എം.ബി.എ 2009 സ്കീം (ഫുൾ ടൈം/പാർട്ട് ടൈം/ യു.ഐ.എം) സപ്ലിമെന്ററി പരീക്ഷകൾ മാർച്ച് 29-നും

ആരംഭിക്കും. ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
13.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**